**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 492** — **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ-സേവന മേഖലകളിൽ പുതിയ നിക്ഷേപങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ മേഖലയിലെ തൊഴിലാളികളിൽ വലിയൊരു ഭാഗവും പരമ്പരാഗത വ്യവസായങ്ങളിലാണ് പണിയെടുക്കുന്നതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായ മേഖലയിലെ തൊഴിലാളികളിൽ വലിയൊരു വിഭാഗം പരമ്പരാഗത വ്യവസായ മേഖലയിലാണ് പണിയെടുക്കുന്നത്. സംസ്ഥാനത്തെ വ്യവസായ മേഖലകളിൽ പൊതുവേ പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കൈത്തറി, ഖാദി, ഈറ്റ, ബീഡി & സിഗാർ, മത്സ്യം എന്നീ മേഖലകളിലെ തൊഴിലാളികളാണ് ഭൂരിഭാഗവും പണിയെടുക്കുന്നത്. എന്നാൽ നിലവിൽ ടി പരമ്പരാഗത വ്യവസായ മേഖലകൾ പലതും തൊഴിലാളികളുടെ ദൗർലഭ്യം, തൊഴിൽ ദിനങ്ങളുടെ കുറവ്, അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തത എന്നിവ മൂലം ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. പുതിയ തലമുറയിലെ തൊഴിലാളികൾ ഈ മേഖലകളിൽ പണിയെടുക്കാൻ വിമുഖത പ്രകടിപ്പിക്കുന്നതും മെച്ചപ്പെട്ട തൊഴിൽ സാഹചര്യം നിലവിലില്ലാത്തതും പരമ്പരാഗത വ്യവസായ മേഖലകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കശുവണ്ടി, ബീഡി &സിഗാർ, ഈറ്റ എന്നിവയുൾപ്പടെ തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിലായി ഏകദേശം 99 ലക്ഷത്തോളം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 42 ലക്ഷത്തോളം തൊഴിലാളികൾ സജീവ അംഗങ്ങളായിട്ടുള്ളതുമാണ്. |
| (ബി) | ഉൽപ്പാദനക്ഷമതയിലെ കുറവും ആധുനികവൽക്കരണത്തിന്റെ അഭാവവും പരമ്പരാഗത വ്യവസായ മേഖലയിൽ ഉയർത്തുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത മേഖലയുടെ ആധുനികവൽക്കരണത്തിന് ഈ സർക്കാർ മികച്ച പിന്തുണ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന സംസ്കരണശാലകൾ ഘട്ടം ഘട്ടമായി ആധുനികവൽക്കരിച്ച് നവീന യന്ത്രവൽക്കരണം നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്കരണശാലകളെ നവീകരിച്ച് തൊഴിലിടങ്ങളെ ആകർഷണമാക്കാനും പരിസ്ഥിതി സൗഹൃദമാക്കാനും, ഫാക്ടറിക്കകത്ത്, പ്രത്യേകിച്ച് |

ഷെല്ലിംഗ് വിഭാഗത്തിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ആരോഗ്യപരമായ തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

കശുവണ്ടി പരിപ്പിന്റെ ഗുണമേന്മ ഉറപ്പുവരുത്തി വ്യത്യസ്തവും പുതിയതുമായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് ആഭ്യന്തരവും അന്താരാഷ്ട്ര വിപണിയിലെയും സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ കേരളത്തിൽ കശുവണ്ടിപരിപ്പിന്റെ ഗുണമേന്മയും രുചിയും ആഭ്യന്തരവിപണിയിലും ആഗോളവിപണിയിലും പ്രചരിപ്പിക്കാൻ കേരള കാഷ്യൂ/ കൊല്ലം കാഷ്യൂ എന്ന നാമത്തിൽ ബ്രാൻഡിംഗ് ചെയ്ത് വിൽപന നടത്താനുദ്ദേശിക്കുന്നു.

“GI Tagging” നടപ്പിലാക്കാനും ഇതുവഴി പൊതുമേഖലാ സ്ഥാപനങ്ങൾ പരമ്പരാഗത രീതിയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി പരിപ്പിന് ആകർഷണവും കമ്പോള നിലവാരവും ഉയർത്താൻ വേണ്ട നടപടിയും സ്വീകരിച്ചു വരുന്നു.

കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പരമ്പരാഗത രീതിയിലുള്ള ഡ്രം റോസ്റ്റിംഗ് സംവിധാനമാണ് പ്രോസസ്സിംഗിൽ അവലംബിച്ചിട്ടുള്ളത്. ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ പാർഷ്യൽ മെക്കനൈസേഷൻ നടപ്പാക്കിയിട്ടുണ്ട്.

ആധുനികവൽക്കണത്തിന് സർക്കാർ മികച്ച പിന്തുണയാണ് നൽകി വരുന്നത്. കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി സർക്കാർ ധനസഹായം നൽകുക വഴി കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ ങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ഭാഗീക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

നിലവിൽ തൊഴിലാളികളുടെ തൊഴിൽ നഷ്ടപെടുത്താതെയുള്ള ഭാഗിക യന്ത്രവൽക്കരണം നടത്തി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്ന

രീതിയിലുള്ള പ്രവർത്തനങ്ങൾ കാപ്പെക്സ് നടത്തി വരുന്നു.

ആധുനികവത്ക്കരണത്തിന്റെ ഭാഗമായി കശുവണ്ടി മേഖലയിൽ Scheme for assistance Capital grant and interest subvention to small and medium cashew factory units for rebuilding lost Livelihood, Revival, Rejuvenation and Resurrection of Private cashew industry sector scheme എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കയർ വ്യവസായ മേഖലയിൽ സ്ഥാപിക്കപ്പെട്ട ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡിഫൈബറിംഗ് മെഷീൻ, ആട്ടോമാറ്റിക് ലൂം എന്നിവയുടെ ഫലപ്രദമായ വിനിയോഗ നടപടികൾ സ്വീകരിച്ചിട്ടുള്ളതും അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം ഏറ്റെടുത്ത് നടത്തി ഉൽപ്പാദനക്ഷമത ഉറപ്പുവരുത്താനായി Kerala State Coir Machinery Manufacturing Company Ltd (KSCMMC) യെ ചുമതലപ്പെടുത്തിയിട്ടു ഉള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി KSCMMC യ്ക്ക് ഈ സാമ്പത്തിക വർഷം 1.47 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ പരമ്പരാഗത കയർ വ്യവസായ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണിക്കനുയോജ്യമായ രീതിയിൽ രൂപ ഭേദങ്ങൾ സാധ്യമാക്കും വിധം നവീന ഡിസൈനിലുള്ള ഉൽപ്പാദന ത്തിനായി പരമ്പരാഗത തൊഴിലാളികൾക്ക് പരിശീലന-നൈപുണ്യ വികസന പദ്ധതികളും KSCC മുഖാന്തിരം വിജയകരമായി നടപ്പാക്കി വരുന്നുണ്ട്.

ഉൽപ്പാദനക്ഷമതയിലെ കുറവും ആധുനികവൽക്കരണത്തിന്റെ അഭാവവും കൈത്തറി മേഖലയിൽ ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി 'കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക, നെയ്ത്തുകാരുടെ ജോലിയുടെ ആയാസം കുറയ്ക്കുക, നെയ്ത്ത് പ്രക്രിയ നവീകരിക്കുക എന്നിവയ്ക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് “ടെക്നോളജി അപ്ഗ്രഡേഷൻ”.

തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഖാദി മേഖലയിൽ ആധുനികവത്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഖാദി ബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി

വരുന്നു. തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ചർക്കകളിൽ നവീകരണം നടത്തുന്നതിനായി IIT ചെന്നൈയുടെ കീഴിൽ Rutag-മായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. ഖാദി നൂല്പ്-നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ കെ.എസ്.സി.എം.എം.സി. നവീകരിച്ചു നൽകിയ ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ, പ്രവർത്തിപ്പിച്ചു വരുന്നു. ഖാദി തുണികളിൽ ഡിസൈനുകൾ എളുപ്പത്തിൽ തയ്യാറാക്കാൻ സഹായിക്കുന്ന ഹാൻഡ് ലൂം ഇലക്ട്രോണിക് ജക്കാർഡ് മെഷീൻ ഖാദി മേഖലയിൽ ആദ്യമായി പാപ്പിനിശ്ശേരി ഖാദി കേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങി. ഖാദി മേഖലയിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്നായ സ്ലൈവറിന്റെ ക്ഷാമം പരിഹരിക്കുന്ന തിനായി ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിച്ച് പുതിയ കോമ്പർ മെഷീൻ വാങ്ങി പ്രവർത്തിപ്പിക്കുകയും ചെയ്യുതുവഴി ഗുണനിലവാരമുള്ള സ്ലൈവർ ഉല്പാദിപ്പിക്കുന്നതിനും സ്ലൈവർ ക്ഷാമം പരിഹരിക്കുന്നതിനും സാധിച്ചു.

S&SS പദ്ധതി പ്രകാരം പരമ്പരാഗത മേഖലയിലെ മരപ്പണി, ഇരുമ്പുപണി വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾക്ക് നിരവധി തൊഴിൽ ദിനങ്ങൾ നൽകുന്നതോടൊപ്പം പരമ്പരാഗത സ്വർണപ്പണിക്കാർക്ക് Gold Appraiser പരിശീലന പദ്ധതിയും നടപ്പിലാക്കിയ തോടൊപ്പം മരപ്പണിക്കാർക്കായുള്ള പൊതുസേവന കേന്ദ്രവും കാഡ്കോ സ്ഥാപിച്ചു.

ഉൽപാദനക്ഷമതയുടെ കുറവ് പരിഹരിക്കുവാൻ കരകൗശല വികസന കോർപ്പറേഷൻ തെരെഞ്ഞെടുത്ത ക്രാഫ്റ്റുകളിൽ പരിശീലനം, ഉൽപ്പന്നങ്ങൾ വേണ്ട രീതിയിൽ സംഭരിക്കുക, വില്പന നടത്തുക എന്നിവ ചെയ്തു വരുന്നു. പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കൊപ്പം പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ട് പുതിയ ഉൽപ്പന്നങ്ങൾ ഡിസൈൻ ചെയ്യുക, പൊതുസേവന കേന്ദ്രങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉൽപ്പന്നങ്ങൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു.

പിന്നാക്ക വിഭാഗത്തിൽ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ തൊഴിലുകൾ സംരക്ഷിക്കു ന്നതിനും, ആധുനികവൽക്കരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനുമായി പിന്നാക്ക വിഭാഗ

| | | | |
|---|---|---|---|
| | | | വികസന വകുപ്പ് മുഖേന നൽകി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.<br><br>2.പരമ്പരാഗത ബാർബർ തൊഴിലാളി കൾക്കുള്ള ധനസഹായം<br><br>3.പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല തൊഴിലാളികൾക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ധന സഹായം. |
| (സി) | നവീന വ്യവസായ-സേവന മേഖലകളിൽ പുതിയ സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ സംസ്ഥാനം ലോകശ്രദ്ധ ആകർഷിച്ചിട്ടുണ്ടോ; ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രയോഗത്തിൽ വരുത്തുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. നവീന വ്യവസായ-സേവന മേഖലകളിൽ പുതിയ സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കേരളം ലോകശ്രദ്ധ ആകർഷിച്ചു കൊണ്ട് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് നടത്തി. പ്രസ്തുത ഉച്ചകോടിയിൽ 419-ൽ പരം താൽപര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കു വാൻ സാധിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്ന തിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സിന് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ എക്സർസൈസിന്റെ ലക്ഷ്യം. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, വിലയിരുത്തപ്പെടുന്നു. സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ ഈ ഉദ്യമത്തിൽ 2014 മുതൽ സജീവമായി പങ്കെടുത്തു വരുന്നു. പ്രസ്തുത സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം |

| | | | |
|---|---|---|---|
| | | | പൗരകേന്ദ്രീകൃതവുമായിരുന്നു. ഇപ്രകാരം നടപ്പിൽ വരുത്തിയ പരിഷ്കരണങ്ങളുടെ ഉപഭോക്താക്കളുമായി തുടർന്ന് നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാന ത്തിലാണ് ഡിപിഐഐടി സംസ്ഥാന ങ്ങളുടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം വിലയിരുത്തപ്പെടുന്നത്.<br><br>നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച 2022-ലെ സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളെയാണ് ഡിപിഐഐടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ കേരളത്തിന് ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ കഴിഞ്ഞു. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്. ഇതിൽ നിന്നും ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ പ്രയോഗത്തിൽ വരുത്തുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാണ്. |
| (ഡി) | ആധുനിക വ്യവസായമേഖലയിൽ പ്രോത്സാഹന, നിക്ഷേപസൗകര്യ പ്രവർത്തനങ്ങൾ കൂടുതൽ വിശാലമായി നടപ്പിൽ വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | കേരള സർക്കാർ വ്യവസായ രംഗത്ത് മാതൃകാപരമായ വികസന മുന്നേറ്റം ലക്ഷ്യമിട്ട് നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് സംസ്ഥാനത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സർക്കാർ കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം, 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായ വൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.<br><br>നിക്ഷേപ സൗഹൃദമുണ്ടാക്കുന്നതിനായി 22 മുൻഗണനാ മേഖലകളിൽ സെക്ടർ മീറ്റിംഗുകളും റോഡ്ഷോകളും |

| | | | |
|---|---|---|---|
| | | | സംഘടി പ്പിക്കപ്പെടുന്നു. ഇതുകൂടാതെ കേരളത്തിന്റെ ഉത്തരവാദിത്ത വ്യാവസായിക വളർച്ചയ്ക്ക് കൂടുതൽ ഊർജ്ജവും ദിശാബോധവും ഉറപ്പാക്കി വ്യാവസായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്-2025, ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടത്തി. പ്രസ്തുത ഉച്ചകോടിയിൽ 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. സമ്മിറ്റിൽ ലഭ്യമായ എല്ലാ താൽപര്യപത്രങ്ങളും വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്.<br><br>ഇതുകൂടാതെ സംസ്ഥാനത്തിൽ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം വ്യവസായ വകുപ്പ മന്ത്രിയുടെയും, പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറുടെയും നേതൃത്വത്തിൽ സമയാസമയങ്ങളിൽ നടന്നു പോരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ